(ബി) അപേക്ഷയോടൊപ്പം ആരുടെയെങ്കിലും ശിപാർശ കത്ത് ഉണ്ടായിരുന്നുവോ; ഏതെങ്കിലും രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട നിയമസഭാ സാമാജികൻ ശിപാർശ ചെയ്യുകയുണ്ടായോ; എങ്കിൽ ഏത് രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട ഏത് സാമാജികനാണെന്ന് വെളിപ്പെടുത്താമോ ;

(സി) പിൻവലിച്ച കേസുകൾ എതെല്ലാം ക്രൈംനമ്പറുകളിൽപ്പെട്ട, ഏതെല്ലാം കുറ്റങ്ങൾ ആരോപിക്കപ്പെട്ടവയാണെന്ന് വിശദമാക്കാമോ ;

(ഡി) കേസ് പിൻവലിക്കാനുള്ള ഹർജിയിന്മേൽ പോലീസ് വകുപ്പിൽനിന്നും ലഭിച്ച അഭിപ്രായം എന്തായിരുന്നു; MLA യുടെ ശിപാർശ കത്തിന്റെയും, പോലീസ് റിപ്പോർട്ടിന്റെയും ഓരോ പകർപ്പ് സഭയുടെ മേശപ്പുറത്ത് വെയ്ക്കുമോ ?

<u>ഉത്തരം</u>

(എ) 23-12-2012-ന്.

(ബി) ഉണ്ട്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ് നിയമസഭാ സാമാജികൻ ശ്രീ. പാലോട് രവി എം.എൽ.എ.യുടെ.

(സി) പേരൂർക്കട പോലീസ് സ്റ്റേഷനിലെ 476/05-ാം നമ്പർ ക്രൈം കേസാണ് പിൻവലിച്ചത്. ഐ.പി.സി. 120(B), 143, 145, 147, 148, 149, 324, 333, 307 വകുപ്പുകൾ പ്രകാരവും എക്സ്പ്ലോസീവ് സബ്സ്റ്റൻസ് ആക്ട് VI 3-ാം വകുപ്പ്, ആംസ് ആക്ട് 27-ാം വകുപ്പ്, പി.ഡി.പി.പി. ആക്ട് 3(2)(e) വകുപ്പ് എന്നിവ പ്രകാരമാണ് കുറ്റം ചുമത്തപ്പെട്ടിട്ടുള്ളത്.

(ഡി) തിരുവനന്തപുരം സിറ്റി ജില്ലാ പോലീസ് മേധാവി പ്രസ്തുത കേസ് പിൻവലിക്കുന്നതിന് ശിപാർശ ചെയ്തിട്ടില്ല. എം.എൽ.എ.യുടെ ശിപാർശ കത്തിന്റെയും പോലീസ് റിപ്പോർട്ടിന്റെയും പകർപ്പുകൾ യഥാക്രമം അനുബന്ധം-I, II* ആയി ചേർക്കുന്നു.

സി.ബി.ഐ. അന്വേഷണം

174 (175) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.ബി.ഐ. അന്വേഷണം ആവശ്യപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് വിജ്ഞാപനം വഴി അയച്ച മൊത്തം അപേക്ഷകൾ എത്രയായിരുന്നു ;

(ബി) അവയിൽ എത്രയെണ്ണം സി.ബി.ഐ. അംഗീകരിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി; സംസ്ഥാനത്തിന്റെ ആവശ്യം അംഗീകരിക്കാത്തവ എത്ര ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

617/19

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ സർക്കാരിന്റെ കാലത്ത് സി.ബി.ഐ. അന്വേഷണത്തിനായി സംസ്ഥാന ഗവൺമെന്റിന് ലഭിച്ച അപേക്ഷകൾ എത്രയെന്നും അവയിൽ എത്രയെണ്ണത്തിനു വിജ്ഞാപനം ഇറക്കിയെന്നും കേന്ദ്രഗവൺമെന്റിന് എത്ര അപേക്ഷകൾ ലഭിച്ചുവെന്നും അവയിൽ എത്രയെണ്ണത്തിന് വിജ്ഞാപനം ഇറക്കിയെന്നും കേന്ദ്രഗവൺമെന്റിന് അയച്ചുകൊടുത്തവ ഏതെല്ലാമെന്നും അയച്ച തീയതികൾ ഏതായിരുന്നു എന്നും അറിയിക്കുമോ; അവയിൽ ഏതെല്ലാം അപേക്ഷയിന്മേൽ ഏതെല്ലാം തീയതിയിൽ കേന്ദ്രഗവൺമെന്റ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) സി.ബി.ഐ. അന്വേഷണ ആവശ്യങ്ങളിന്മേൽ സംസ്ഥാന സർക്കാർ തീരുമാനം കൈക്കൊള്ളുന്നത് ഏത് മാനദണ്ഡപ്രകാരമാണ്?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സി.ബി.ഐ. അന്വേഷണം നടത്തുന്നതിനായി വിജ്ഞാപനം പുറപ്പെടുവിക്കുകയും കേന്ദ്ര സർക്കാരിന് അയച്ചുകൊടുത്തതുമായ കേസുകളുടെ വിവരവും സി.ബി.ഐ. ഏറ്റെടുത്തതും നിരസിച്ചതുമായ കേസുകളുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) കൂടുതൽ മെച്ചപ്പെട്ട അന്വേഷണം എന്ന ഉദ്ദ്യേശത്തോടുകൂടി ഒട്ടനവധി അപേക്ഷകളിൽ സി.ബി.ഐ. അന്വേഷണം ആവശ്യപ്പെടാറുണ്ട്. ഒരു സ്വതന്ത്ര ഏജൻസി ഇടരന്വേഷണം നടത്തേണ്ടതുണ്ട് എന്നു ബോദ്ധ്യപ്പെടുന്ന കേസ്സുകളിൽ സർക്കാരിന്റെ/കോടതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കേസ് സി.ബി.ഐ.-ക്ക് കൈമാറിക്കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ സി.ബി.ഐ. ഏറ്റെടുക്കുന്ന കേസ്സുകളിൽ കേന്ദ്ര സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയാണ് ചെയ്യാറുള്ളത്. വിശദവിവരം അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) കേസിന്റെ പ്രാധാന്യവും ബന്ധപ്പെട്ടവരുടെ അപേക്ഷയും പുതിയ വെളിപ്പെടുത്തലുകളും നിയമവശങ്ങളും പരിഗണിച്ചാണ് സി.ബി.ഐ. അന്വേഷണത്തിന് തീരുമാനം എടുത്തിട്ടുള്ളത്. ഒരു സ്വതന്ത്ര ഏജൻസി ഇടരന്വേഷണം നടത്തേണ്ടതാണെന്ന് ബോദ്ധ്യപ്പെട്ടാൽ CrPC 173(8) വകുപ്പ് പ്രകാരം ഇടരന്വേഷണം നടത്തുവാൻ, അത്തരം കേസുകൾ സി.ബി.ഐ.-ക്ക് വിടാറുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly